**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1497** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കിനാനൂർ കരിന്തളം ഗവൺമെൻറ് ആർട്സ് & സയൻസ് കോളേജ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കിനാനൂർ കരിന്തളം ഗവൺമെൻറ് ആർട്സ്&സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കിനാനൂർ-കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 6.82 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിച്ചുവരുന്നു. കൂടാതെ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13.24 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതി രേഖ പദ്ധതി നിർവഹണ ഏജൻസിയായ KITCO തയ്യാറാക്കിവരുന്നു.

**(ബി)** കോളേജിനാവശ്യമായ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന് യു.ജി.സി. മാനദണ്ഡപ്രകാരം 5 ഏക്കർ ഭൂമി ലഭ്യമാണ്. കോളേജിന് അധിക ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**